പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2833 **28-10-2026-ൽ മറുപടിയ്ക്ക്**

തേവര ഫിഷറീസ് സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. ടി. ജെ. വിനോദ്	ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ (മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) എറണാകുളം നിയോജകമണ്ഡലത്തിലെ തേവര ഫിഷറീസ് സ്കൂളിന്റെ നിലവിലെ അപര്യാപ്തമായ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: തേവര ഫിഷറീസ് സ്കൂളിലെ ശോചനീയാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 662.00 ലക്ഷം രൂപയുടെ പദ്ധതി രൂപ രേഖ (ഡി.പി.ആർ) ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ, GRFTHS-ന് മാത്രമായി പ്രസ്തുത ഡി പി ആറിൽ വിഭാവനം ചെയ്തിട്ടുള്ള നവീകരണ, അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഏതെല്ലാമാണെന്നതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ, സ്കൂളിലെ ഹോസ്റ്റൽ ബ്ലോക്ക് നവീകരണത്തിനായി 28.65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹോസ്റ്റൽ കെട്ടിടത്തിന്റെ ബലപ്പെടുത്തൽ, മേൽക്കൂര, തറ, ജലവിതരണം, ശുചിത്വം, വൈദ്യുതീകരണം തുടങ്ങിയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ വഴി പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ